**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2355** **30-09-2025 - ൽ മറുപടിയ്ക്ക്**

**പാറശാല മണ്ഡലത്തിലെ കർഷകരിൽ നിന്നും സംഭരിച്ച നെല്ലിന്റെ വിവരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ പാറശാല മണ്ഡലത്തിൽ വിവിധ പഞ്ചായത്തുകളിലെ കർഷകരിൽ നിന്നും എത്ര നെല്ല് സംഭരിച്ചിട്ടുണ്ടെന്ന് സീസൺ അടിസ്ഥാനത്തിൽ പഞ്ചായത്ത് തിരിച്ച് വിവരം വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ പാറശാല നിയമസഭാ മണ്ഡലത്തിൽ ഉൾപ്പെടുന്ന വിവിധ പഞ്ചായത്തുകളിലെ കർഷകരിൽ നിന്നും സംഭരിച്ച നെല്ലിന്റെ സീസൺ അടിസ്ഥാനത്തിലുള്ള പഞ്ചായത്ത് തിരിച്ച വിവരം അനുബന്ധം I ആയി ചേർക്കുന്നു. |
| (ബി) | നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് നാളിതുവരെ മണ്ഡലത്തിലെ കർഷകർക്ക് എത്ര രൂപ കൊടുത്ത് തീർത്തിട്ടുണ്ടെന്നും ഇനി എത്ര കൊടുക്കാനുണ്ടെന്നും നെല്ല് സംഭരിച്ച വകയിൽ കേന്ദ്ര സർക്കാരിൽ നിന്ന് എത്ര രൂപ ലഭിക്കാനുണ്ടെന്നും വിശദമാക്കാമോ; | (ബി) | **നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് നാളിതുവരെ മണ്ഡലത്തിലെ കർഷകർക്ക് എത്ര രൂപ കൊടുത്ത് തീർത്തിട്ടുണ്ടെന്നും ഇനി എത്ര കൊടുക്കാനുണ്ടെന്നും ഉള്ള വിവരം അനുബന്ധം II ആയി ചേർക്കുന്നു.** |
| (സി) | പാറശാല മണ്ഡലത്തിലെ കൊല്ലയിൽ ഗ്രാമപഞ്ചായത്ത് കളത്തറയ്ക്കൽ നെൽപാടശേഖരസമിതി 17.04.2024-ന് പി.ആർ.എസ് നമ്പർ 2233036805 ആയി കയറ്റിവിട്ട 28324 കിലോ നെല്ലിന് ലഭിക്കേണ്ട തുക പൂർണ്ണമായും നാളിതുവരെ ലഭിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത തുക ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | ഉണ്ട്. നെല്ല് സംഭരണത്തിനായി രജിസ്ട്രേഷൻ പ്രക്രിയ നിർവ്വഹിക്കുമ്പോൾ വ്യക്തിഗതം എന്ന വിഭാഗത്തിലാണ് പേര് ചേർക്കുന്നതെങ്കിൽ പരമാവധി 5 ഏക്കർ വിസ്തൃതിയ്ക്ക് ആനുപാതികമായ എസ്.ഐ.ബി. യ്ക്ക് മാത്രമേ അർഹതയുണ്ടാവുകയുള്ളൂ. എന്നാൽ ഗ്രൂപ്പ് എന്ന വിഭാഗത്തിന് ഈ പരിധി 25 ഏക്കറാണ്. തിരുവനന്തപുരം ജില്ലയിൽ കൊല്ലയിൽ കൃഷിഭവന്റെ പരിധിയിൽപ്പെട്ട കളത്തറയ്ക്കൽ നെൽ കർഷക സമിതി 2023-24 ക്രോപ്പ്-2 സീസണിൽ നെല്ല് സംഭരണത്തിന് രജിസ്റ്റർ ചെയ്തതിൽ (Reg.No. 2233036805) ഗ്രൂപ്പ് എന്ന് തിരഞ്ഞെടുക്കാതെ 10.5 ഹെക്ടർ സ്ഥലത്തിനായി അധാർ അധിഷ്ഠിതമെന്നോണം വ്യക്തിഗതമായി തെറ്റായിട്ടാണ് രജിസ്ട്രേഷൻ പൂർത്തീകരിച്ചിരുന്നത്. ടി അപാകത നിമിത്തം സമിതിക്ക് വ്യക്തിഗത രജിസ്ട്രേഷൻ ഇനത്തിൽ മാത്രം അർഹതപ്പെട്ട 6,72,353 രൂപ (MSP+5 ഏക്കറിന് അർഹതപ്പെട്ട SIB+Handling charge) മാത്രമാണ് PRS വായ്പയായി ലഭ്യമായിട്ടുള്ളൂ. State Incentive Bonus ൽ ഉൾപ്പെട്ട ബാക്കി തുകയായ 1,29,783 രൂപ കിട്ടുന്നതിനുവേണ്ടി സമിതിയുടെ കത്ത് ലഭിച്ചതിൻ |

| | | | |
|---|---|---|---|
| | | | പ്രകാരം സപ്ലൈകോ ഈ വിഷയം പരിശോധിച്ചിരുന്നു. കൃഷി ഓഫീസർ ഉൾപ്പെടെ അംഗീകരിച്ച് നെല്ല് സംഭരിച്ച് പെയ്മെൻറ് ഓർഡർ അടക്കം generate ചെയ്യുകയും, PRS വായ്പയായി നെല്ലിന്റെ തുക അടക്കം കൈപ്പറ്റുകയും ചെയ്ത സാഹചര്യത്തിലും ഈ വിവരങ്ങൾ എല്ലാം തന്നെ വിവിധ കേന്ദ്ര പോർട്ടലുകളായ CFPP അടക്കം ഡാറ്റാ പോയിട്ടുള്ളത് കൊണ്ടും ഇനി ഈ കാര്യത്തിൽ സപ്ലൈകോ തലത്തിൽ തുടർനടപടി സ്വീകരിക്കുവാൻ സാധ്യമല്ല. ആയതിനാൽ ടി കർഷക സമിതിയെ ഗ്രൂപ്പ് ആയി പരിഗണിച്ചു ഈ ഇനത്തിൽ സമിതിക്ക് ലഭിക്കാനുള്ള, ബാക്കി തുകയായ 1,29,783/- രൂപ നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം I</u>**

| പഞ്ചായത്ത് | 2021-22 സീസൺ | 2022-23 സീസൺ | 2023-24 സീസൺ | 2024-25 സീസൺ |
|---|---|---|---|---|
| | സംഭരിച്ച നെല്ല്(കി.ഗ്രാം) | സംഭരിച്ച നെല്ല് (കി.ഗ്രാം) | സംഭരിച്ച നെല്ല് (കി.ഗ്രാം) | സംഭരിച്ച നെല്ല് (കി.ഗ്രാം) |
| കൊല്ലയിൽ | 38490 | 71498 | 69241 | 57161 |
| പാറശ്ശാല | 574 | 979 | 663 | 497 |

**അനുബന്ധം II**

| പഞ്ചായത്ത് | 2021-22 സീസൺ | | 2022-23 സീസൺ | | 2023-24 സീസൺ | | 2024-25 സീസൺ | |
|---|---|---|---|---|---|---|---|---|
| | കൊടുത്ത് തീർത്ത തുക(₹) | കൊടുത്ത് തീർക്കുവാനുള്ള തുക(₹) | കൊടുത്ത് തീർത്ത തുക(₹) | കൊടുത്ത് തീർക്കുവാനുള്ള തുക(₹) | കൊടുത്ത് തീർത്ത തുക(₹) | കൊടുത്ത് തീർക്കുവാനുള്ള തുക (₹) | കൊടുത്ത് തീർത്ത തുക(₹) | കൊടുത്ത് തീർക്കുവാനുള്ള തുക(₹) |
| കൊല്ലയിൽ | 10,82,338.8 | NIL | 20,24,823.36 | NIL | 19,60,905.12 | NIL | 9,77,974.56 | 6,40,824.96 * |
| പാറശ്ശാല | 16,140.88 | NIL | 27,725.28 | NIL | 18,776.16 | NIL | - | 14,075.04* |

(*2025 ജൂലൈ 31 വരെ PMO വെരിഫൈ ചെയ്ത കർഷകർക്ക് PRS വായ്പ അനുവദനീയമാണെന്ന് കൃഷി ഓഫീസർമാർക്ക് അറിയിപ്പ് നൽകുകയും കർഷകർക്ക് ബാങ്കുകളെ സമീപിക്കാൻ ഉള്ള അറിയിപ്പ് നൽകാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.)